# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **6** — 28-06-2016-ന് മറുപടി നൽകേണ്ടത്

## <u>പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ച</u>

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ഹൈബി ഈഡൻ

**ഉത്തരം**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രി, പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രി 28/05/2016-ന് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രിക്ക് പ്രധാനമന്ത്രിയിൽ നിന്നും വിവിധ വിഷയങ്ങളിൽ ഉറപ്പുകൾ കിട്ടിയിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) യും (സി) യും (ഡി) യും | കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ പ്രധാന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ.<br>2. ആയുർവ്വേദത്തെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തുന്നതിനായി ആയുർവ്വേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന വിഷയം.<br>3. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ.<br>4. ഗെയിൽ പൈപ്പ് ലൈനിന്റെ നിർമ്മാണത്തിന്റെ തടസ്സങ്ങൾ നീക്കുന്നത് സംബന്ധിച്ച്. |
| (സി) | പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഏതെല്ലാം വിഷയങ്ങളാണ് ചർച്ചചെയ്ത് വന്നതെന്ന് വിശദമാക്കാമോ ; | | |
| (ഡി) | ചർച്ച ചെയ്ത ഓരോ വിഷയങ്ങളിലും എന്തെല്ലാം ഉറപ്പുകളാണ് പ്രധാനമന്ത്രി നൽകിയതെന്ന് വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | 5. കൂടംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതി പൂർണ്ണമായും ലഭിക്കുന്നതിനു വേണ്ടി കോട്ടയം ഭാഗത്തുള്ള പ്രസരണശൃംഖല സമയബന്ധിതമായി പൂർത്തി യാക്കുന്നത് സംബന്ധിച്ച്.<br>സംസ്ഥാനം മുന്നോട്ടുവച്ച എല്ലാ ആവശ്യങ്ങളിലും പ്രധാനമന്ത്രിയിൽനിന്നും പൊതുവിൽ അനുഭാവപൂർണ്ണമായ സമീപനമാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ.